## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭ / മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ച 24/04/2013 ലെ ജി.ഒ.(എം.എസ്) നം.160/2013/തസ്വഭവ ഉത്തരവിലെ പെൻഷൻ കുടിശ്ശികയുടെ പ്രാബല്യ തീയതി സംബന്ധിച്ച അപാകത പരിഹരിച്ച് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(എം.എസ്) നം. 7/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 06/01/2017

---

പരാമർശം:- 1) 24/04/2013 ലെ ജി.ഒ.(എം.എസ്) നം.160/2013/തസ്വഭവ
2) കേരള ലോക്കൽ സെൽഫ് സർവ്വീസ് പെൻഷണേഴ്സ് അസോസിയേഷന്റെ 22/07/2013 തീയതിയിലെ നിവേദനം.
3) നഗരകാര്യ ഡറക്ടറുടെ 19/12/2016 തീയതിയിലെ ഇ 2-18339/2011 നമ്പർ കത്ത്.

## ഉത്തരവ്

നഗരസഭ / മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട അധിക സാമ്പത്തിക ബാദ്ധ്യത അതാത് നഗരസഭകൾ / മുൻസിപ്പാലിറ്റികൾ വഹിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി പെൻഷൻ കുടിശ്ശികയ്ക്ക് 01/04/2010 മുതൽ പ്രാബല്യം നൽകിയിരുന്നു. എന്നാൽ ടി തീരുമാനപ്രകാരം ഓരോ കണ്ടിജന്റ് പെൻഷണർക്കും 10,000/- രൂപയ്ക്ക് മേൽ നഷ്ടമുണ്ടാകുമെന്നും, റെഗുലർ സർവ്വീസ് പെൻഷൻകാരുടെയും സംസ്ഥാനത്തെ മറ്റു വകുപ്പുകളിലെ ജീവനക്കാരുടെയും പെൻഷൻ പരിഷ്കരണത്തിൽ പെൻഷൻ കുടിശ്ശികയ്ക്ക് 01/07/2009 മുതൽ പ്രാബല്യം നൽകിയിട്ടുള്ള സാഹചര്യത്തിൽ, ഒന്നാം പരാമർശിത ഉത്തരവിലെ അപാകത പരിഹരിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം കേരള ലോക്കൽ സെൽഫ് സർവ്വീസ് പെൻഷണേഴ്സ് അസോസിയേഷൻ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2) ടി വിഷയത്തിന്മേൽ സംസ്ഥാനത്താകെയുള്ള നഗരസഭ / കോർപ്പറേഷനുകളുടെ അഭിപ്രായം ആരാഞ്ഞതിൽ 4 നഗരസഭകൾ അധിക സാമ്പത്തിക ബാദ്ധ്യത വഹിക്കുന്നതിനുള്ള ബുദ്ധിമുട്ട് അറിയിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭ / മുൻസിപ്പാലിറ്റികളിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി ശുചീകരണ ജോലികൾ ചെയ്യു കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കുടിശ്ശികയ്ക്ക് 01/07/2009 മുതലുള്ള പ്രാബല്യം നിഷേധിക്കുന്നത് സാമാന്യ നീതിയുടെ ലംഘനമായതിനാലും, നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും ശമ്പളവും പെൻഷനും നൽകുന്ന റെഗുലർ വിഭാഗം ജീവനക്കാരുടെ കാര്യത്തിൽ ഇത്തരമൊരു വിവേചനമുള്ളതായി കാണാത്തതിനാലും, ഒന്നാം പരാമർശിത ഉത്തരവിലെ പെൻഷൻ കുടിശ്ശികയുടെ പ്രാബല്യ തീയതി സംബന്ധിച്ച അപാകത പരിഹരിച്ച്, പെൻഷൻ കുടിശ്ശികയുടെ പ്രാബല്യ തീയതി 01/04/2010 എന്നതിനു പകരം 01/07/2009 എന്ന് മാറ്റി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഒന്നാം പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

ടി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനനതപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്

ഡയറക്ടർ, കില, തൃശ്ശൂർ

നഗരകാര്യ വകുപ്പ് റീജീയണൽ ജോയിന്റ് ഡയറക്ടർ

(കൊല്ലം / കൊച്ചി / കോഴിക്കോട്)

എല്ലാ നഗരസഭ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും

(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ടോട്ടൽ സാനിട്ടേഷൻ മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, കേരള ലോക്കൽ സെൽഫ് സർവ്വീസ് പെൻഷണേഴ്സ് അസോസിയേഷൻ

രജി.നം.എ-762/2011, ആലപ്പുഴ ജില്ലാ കമ്മിറ്റി

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ

(ഈ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

പൊതുഭരണ (എസ്.സി.) വകുപ്പ് ( 04/01/2017 ലെ ഇനം നമ്പർ.608 പ്രകാരം)

ധനകാര്യ വകുപ്പ് (File No.WWW1/114/2014-FIN dated 16/10/2015 പ്രകാരം)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ